ഉത്തരം

(എ) 2.88 രൂപ നികുതിയും 0.12 പൈസ സെസ്സുമായി 3.00 രൂപ ചുമത്തുന്നു.

(ബി) 0.66 രൂപ.

(സി) പരിഗണനയിലില്ല.

(ഡി) സർക്കാർ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ നികുതി കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 1-1-2011 വരെ 19.25 ശതമാനം മാത്രമാണ് പെട്രോളിൽ നിന്നുള്ള നികുതി വർദ്ധിച്ചിട്ടുള്ളത്.

കുന്നമംഗലം നിയോജകമണ്ഡലത്തിലെ വൺമാൻ ട്രഷറി

3(1450) **ശ്രീ. യു. സി. രാമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവന്നിരുന്ന 'വൺമാൻ ട്രഷറി' അടുത്തകാലത്ത് അടച്ചുപൂട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ട്രഷറി അടച്ചുപൂട്ടിയതുമൂലം മണ്ഡലത്തിലെ ജനങ്ങൾക്കും പെൻഷൻകാർക്കും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഒരു സബ്ട്രഷറി വേണമെന്ന ആവശ്യം നിലനിൽക്കെ, നിലവിലുണ്ടായിരുന്ന 'വൺമാൻ ട്രഷറി' പോലും അടച്ചുപൂട്ടിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) സബ്ട്രഷറി പ്രവർത്തനമാരംഭിക്കുന്നതുവരെ നിലവിലുണ്ടായിരുന്ന 'വൺമാൻ ട്രഷറി'യുടെ പ്രവർത്തനം പുനഃസ്ഥാപിക്കാൻ അടിയന്തര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ വൺമാൻ ട്രഷറി തുറന്ന് പ്രവർത്തിക്കാൻ കഴിയാത്ത ഒരു അവസ്ഥ വന്നതുകൊണ്ട് തൽക്കാലം പ്രസ്തുത ട്രഷറിയുടെ പ്രവർത്തനം നിർത്തിവച്ചിട്ട് 2010 മേയ് മുതൽ PTSB വഴിയാണ് പെൻഷൻ വിതരണം ചെയ്യുന്നത്. വൺമാൻ ട്രഷറികളിൽ പെൻഷൻ ഡാറ്റാബേസ് ലഭ്യമാക്കുന്നതിന് സാങ്കേതികമായി കഴിയാത്തതിനാലാണ് പെൻഷൻ വിതരണം സബ് ട്രഷറിയിലേക്ക് മാറ്റേണ്ടി വന്നത്.

(ഡി) പ്രത്യേകം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly